21343
24/11/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുഷ്- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരള(TKIK)യിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടും - ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

ആയുഷ്(എ) വകുപ്പ്

G.O.(Ms)No.49/2019/AYUSH തീയതി,തിരുവനന്തപുരം, 26/11/2019

---

പരാമർശം:- 1 07.07.2003-ലെ സ.ഉ.സാധാ.നം.2025/2003/ആകുവ

2 08.11.2004-ലെ സ.ഉ.സാധാ.നം.290/2004/ആകുവ.

3 27.12.2004- ലെ സ.ഉ.സാധാ.നം.3609/2004/ആകുവ.

4 04.01.2006-ലെ സ.ഉ.സാധാ.നം.58/2006/ആകുവ

5 19.06.2013-ലെ സ.ഉ.സാധാ.നം.2149/2013/ആകുവ.

6 19.11.2013-ലെ സ.ഉ.സാധാ.നം.445/13/ആകുവ.

7 17.04.2015-ലെ സ.ഉ.സാധാ.നം.76/15/ആകുവ.

8 ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 10.06.2015-ലെ ജി4/5152/ഡിഎഎംഇ നം.കത്ത്

9 14.12.2018-ലെ OA(EKM) No.517/2017, OA No.777/2017 എന്നിവയിലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി..

10 04.02.2019-ൽ ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരള ജീവനക്കാർ സമർപ്പിച്ച നിവേദനം.

<u>ഉത്തരവ്</u>

1. പരാമർശം 1-ലെ ഉത്തരവ് പ്രകാരം 2003- ൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പാരമ്പര്യ അറിവുകളുടെ സംരക്ഷണം മുൻ നിർത്തി സ്ഥാപിക്കപ്പെട്ട പേറ്റന്റ് സെൽ എന്ന പേരിൽ പ്രവർത്തനമാരംഭിച്ച കേന്ദ്രം ഇപ്പോൾ ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരള(ടി.കെ.ഐ.കെ) ആയി തുടർന്നു വരികയാണ്. പരാമർശം 3-ലെ ഉത്തരവ് പ്രകാരം 2004 മുതൽ ഇതിൽ താൽക്കാലിക

തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ താൽക്കാലിക തസ്തികകൾ ഇത്രയും കാലം അതാതു സമയത്തുള്ള ഗവണ്മെന്റ് ഉത്തരവുകളിലൂടെ തുടർന്നുവരികയാണ്. പാരമ്പര്യ അറിവുകളെ സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക സ്ഥാപനം എന്ന നിലയ്ക്ക് ട്രെഡീഷണൽ നോളജ് ഇന്നവേഷൻ കേരള (TKIK) സ്ഥാപിക്കുന്നതിനും ആവശ്യമായ മിനിമം സാങ്കേതിക ഭരണ തസ്തികകൾ റമ്യൂണറേഷൻ / അബ്സോർബ്ഷൻ / ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതിനുമായി പരാമർശം 5 പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം 6-ലെ ഉത്തരവ് പ്രകാരം പേറ്റന്റ് സെൽ നിർത്തലാക്കുകയും അതിലെ ജീവനക്കാരെ റമ്യൂണറേഷൻ അടിസ്ഥാനത്തിൽ പുനർ വിന്യസിച്ച് ട്രഡീഷണൽ നോളജ് ഇന്നവേഷൻ കേരള (TKIK) രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പാരമ്പര്യ അറിവുകളുടെ സംരക്ഷണം മുൻ നിർത്തി സ്ഥാപിക്കപ്പെട്ട റ്റി.കെ.ഐ.കെ. യിൽ പരാമർശം 7 പ്രകാരം താഴെ പറയുന്ന 8 ( എട്ട് ) താത് ക്കാലിക തസ്തികകൾ സൃഷ്ടിച്ചിരുന്നു.

| ക്രമ നം . | തസ്തിക | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സയന്റിഫിക് ഓഫീസർ | 1 | 22360-37940 |
| 2 | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ | 2 | 20740-36140 |
| 3 | ജൂനിയർ ടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ് റ്റോളജി ) | 2 | 18740-33680 |
| 4 | സിസ്റ്റം മാനേജർ | 1 | 18740-33680 |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | 21240-37040 |
| 6 | ഡോക്കുമെന്റേഷൻ അസിസ്റ്റന്റ് | 1 | 13900-24040 |

2 . മേൽപ്പറഞ്ഞ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതുവരെ റെമ്യൂണറേഷൻ വ്യവസ്ഥയിൽ നിലവിലുള്ള താത് കാലിക ജീവനക്കാർക്ക് തുടരാമെന്നും മറ്റുള്ളവ ഡെപ്യൂട്ടേഷൻ വഴി നികത്തണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ട്രഡീഷണൽ നോളജ് ഇന്നവേഷൻ കേരളയിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും നിയമനം നടത്തിയിരുന്നു.

3 . ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ട്രെഡീഷണൽ നോളെഡ്ജ് ഇന്നവേഷൻ കേരളയിൽ (റ്റി.കെ.ഐ.കെ.) 17.4.2015-ലെ സ.ഉ.(എം.എസ്.)നം.76/15/ആ.കു.വ. പ്രകാരം സൃഷ്ടിച്ച 8 തസ്തികകളിൽ ജോലി ചെയ്യുന്ന താത് കാലിക ജീവനക്കാരായ ഏഴ് പേരെ ധനവകുപ്പിന്റെ അഭിപ്രായത്തെ

മറികടന്നുകൊണ്ട് റഗുലറൈസ് ചെയ്യുന്നതിന് 9.12.2015- ലെ ഇനം നമ്പർ 7870 പ്രകാരം മന്ത്രിസഭ തീരുമാനിക്കുകയുണ്ടായിയെങ്കിലും സർക്കാർ ഉത്തരവായിരുന്നില്ല. തുടർന്ന് ടി.കെ.ഐ.കെ.യിലെ 1 0 വർഷത്തിലധികമായി ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ജീവനക്കാർ ഫയൽ ചെയ്ത OA(Ekm) No.517/2017, OA No.777/2017 എന്നീ കേസുകളുടെ 14.12.2018- ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒരു പൊതു ഉത്തരവിൽ ടി ജീവനക്കാരെ ക്യാബിനറ്റ് തീരുമാനമായ 9.12.2015 തീയതി പ്രാബല്യത്തിലെങ്കിലും സ്ഥിരപ്പെടുത്തി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാനും ടി തീയതി മുതലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും ഉത്തരവിട്ടിരുന്നു.

4. പ്രസ്തുത കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരള(TKIK)യിൽ പരാമർശം 7 പ്രകാരം സൃഷ്ടിച്ച താഴെ പറയുന്ന പട്ടികകളിൽ പട്ടിക 1 പ്രകാരമുള്ള 8(എട്ട്) താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികകളാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത താല്ക്കാലിക തസ്തികകളിൽ പത്തു വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്ന പട്ടിക- 2 പ്രകാരമുള്ള താത് കാലിക ജീവനക്കാരെ മേൽ പ്രകാരം സ്ഥിരമാക്കപ്പെട്ട തസ്തികളിൽ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിലും ശമ്പള സ്കെയിലിലും 03.03.2018-ലെ സ.ഉ.(പി).നം.31/2018/ധന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കാൻ കഴിയുകയില്ല എന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകി സ്ഥ:ിരപ്പെടുത്ത:ിയും ഉത്തരവാകുന്നു.

<u>പട്ടിക - 1</u>

| ക്രമ നം . | തസ്തിക | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സയന്റിഫിക് ഓഫീസർ | 1 | 22360-37940 |
| 2 | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ | 2 | 20740-36140 |
| 3 | ജൂനിയർ ടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ് റ്റോളജി ) | 2 | 18740-33680 |
| 4 | സിസ്റ്റം മാനേജർ | 1 | 18740-33680 |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | 21240-37040 |
| 6 | ഡോക്കുമെന്റേഷൻ അസിസ്റ്റന്റ് | 1 | 13900-24040 |

പട്ടിക - 2

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | ശമ്പളസ്കെയിൽ |
|---|---|---|---|
| 1 | ഡോ . ആർ . മനോജ് | സയന്റിഫിക് ഓഫീസർ | 22360-37940 |
| 2 | ഡോ.പി.ബി. ഗോപകുമാർ | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ | 20740-36140 |
| 3 | ഡോ.സി.കെ.ഹേമചന്ദ്രൻ | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ | 20740-36140 |
| | ഡോ.ആർ.സത്യജിത്ത് | ജൂനിയർടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ് റ്റോളജി) | 18740-33680 |
| 5 | ശ്രീമതി രജനി. എസ് . | ജൂനിയർടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ് റ്റോളജി) | 18740-33680 |
| 6 | ശ്രീമതി.ശാലിനി.എൻ. എസ് | സിസ്റ്റം മാനേജർ | 18740-33680 |
| 7 | ശ്രീമതി പ്രീത എസ് . ജെ . | ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് | 13900- 24040 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.SHARMILA MARY JOSEPH IAS
SECRETARY

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ് (ഉ.നം. നം. 3545 പ്രകാരം)
ധനകാര്യ വകുപ്പ്(01.09.2019,22.10.2019 എന്നീ തീയതിയിലെ 31420/HLT-B1/207/2014-FN പ്രകാരം)
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SANGEETHA T S
Date: 2019.11.26 10:14:41 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-11-2019

ഫയൽ നം. എ2/87/2017/ആയുഷ്. ഇനം നം: 3545

വിഷയം : ആയുഷ് വകുപ്പ് - ട്രെഡിഷണൽ നോളെഡ്ജ് ഇന്നോവേഷൻ കേരളയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/87/2017/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരളയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.11.2019 |
| 5.i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ.വി |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.ഷർമ്മിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.11.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.11.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20.11.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.11.2019 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരളയിലെ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം .

2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ട്രഡീഷണൽ നോളെഡ്ജ് ഇന്നവേഷൻ കേരളയിൽ (റ്റി.കെ.ഐ.കെ.) 17.4.2015 - ലെ സ.ഉ.(എം.എസ്.)നം.76/15/ആ.കു.വ. പ്രകാരം സൃഷ്ടിച്ച 8 തസ്തികകളിൽ ജോലി ചെയ്യുന്ന താത്കാലിക ജീവനക്കാരായ ഏഴ് പേരെ ധനവകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് റഗുലറൈസ് ചെയ്യുന്നതിന് 9.12.2015 - ലെ ഇനം നമ്പർ 7870 പ്രകാരം മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി. 9.12.2015 - ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ഉത്തരവിന് അനൗദ്യോഗിക നമ്പർ ലഭിക്കുന്നതിനായി ധനവകുപ്പിലേക്ക് അയച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു

"The administrative Department is informed as follows:-

These appointments cannot be regualrized as they would be in violation of the directions of the Hon'ble Supreme Court in State of Karnataka Vs. Uma Devi (2006). The advice of the Law Department to this effect has been circulated to all Departments through a note from Additional Chief Secretary (Finance). Administrative Department is also advised not to bring such illegal proposals for the consideration of the Council of Ministers or to Finance as they contravene the directions of Hon'ble Supreme Court.

"The decision to regularise temporary/contract employees is in violation of the judgment delivered by the constitutional Bench of the Supreme Court of India in the case of State of Karnataka Vs.Umadevi &Others. The argument of the Department that many precedents were there regularising those who completed 10 years of service doesn't justify further and repeated violation of the Apex Court Judgment. Such decisions ignoring the Law of the Land set by Hon'ble Apex Court tantamaounts to break down of the fine constitutional balance being maintained at present between the Executive and Judiciary. Deliberate violation of Supreme Court directives will not only amount to contempt of Court but creates a situation of break down of constitutional machinery in the State. In the circumstances, the request cannot be conceded. Further, the administrative Department is also requested to initiate proper

recruitment process as per the rules, if any framed, and if not framed, quickly frame recruitment rules and complete the recruitment process against the sanctioned posts."

3) താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ ബഹു. സുപ്രീം കോടതി നടത്തിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ട്രഡീഷണൽ നോളെഡ്ജ് ഇന്നവേഷൻ കേരളയിലെ ജീവനക്കാരെ റഗുലറൈസ് ചെയ്യുവാൻ സാധിക്കില്ല എന്ന അറിയിച്ച് 2.3.2017 – ലെ സ.ഉ.(സാധാ)നം.94/2017/ആയുഷ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .

4) തുടർന്ന് ടി.കെ.ഐ.കെ.യിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത OA(Ekm) No.517/2017, OA No.777/2017 എന്നീ കേസുകൾക്ക് 14.12.2018 – ൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരു പൊതു ഉത്തരവിൽ ടി ജീവനക്കാരെ ക്യാബിനറ്റ് തീരുമാനമായ 9.12.2015 തീയതി പ്രാബല്യത്തിലെങ്കിലും സ്ഥിരപ്പെടുത്തി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാനും ടി തീയതി മുതലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും ഉത്തരവിട്ടിരുന്നു.

5) ആയതിൻമേൽ അഭിപ്രായത്തിനായി ധനവകുപ്പിന് നൽകിയപ്പോൾ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി .

" ട്രെഡീഷണൽ നോളജ് ഇന്നവേഷൻ കേരളയിലെ താത്കാലിക തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നതായും, ഹർജിക്കാർക്കനുകൂലമായ ട്രിബ്യൂണൽ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു ."

6) ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ബഹു .KAT – ന്റെ 14.12.2018 – ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദേശം നല്കിയിരുന്നു. ഈ സാഹചര്യത്തിൽ വിധിന്യായം നടപ്പിലാക്കിയില്ലെന്ന് ആരോപിച്ച് പരാതിക്കാർ കോടതി അലക്ഷ്യം ഫയൽ ചെയ്തിരുന്നു.

7) 14.12.2018 – ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയുടെ വെളിച്ചത്തിൽ 9.12.2015 – ലെ മന്ത്രിസഭായോഗ തീരുമാനം പ്രകാരം ടി.കെ.ഐ.കെ-യിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ധനകാര്യ വകുപ്പുമായി ആലോചിക്കാൻ 26.07.2019 – ന് ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചു.

8) ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ 02.09.2019 -തീയതിയിലെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പത്തു വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി സേവനമനുഷ്ഠിച്ച വരുന്നവരെ മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു .

ഇതിനു ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് . "

9) ടി ജീവനക്കാരെ 09.12.2015 പ്രാബല്യത്തിലോ അതോ ഉത്തരവ് തീയതി മുതലോ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന് പുനഃസമർപ്പിച്ചപ്പോൾ ടി വകുപ്പിന്റെ 22.10.2019 -തീയതി പ്രകാരമുള്ള അഭിപ്രായം താഴെപ്പറയും പ്രകാരമാണ്..

"03.03.2018 - ലെ സ.ഉ.(പി).നം.31/2018/ ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ട്രെഡീഷണൽ നോളജ് ഇന്നവേഷൻ കേരളയിലെ താത്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ് എന്നും , ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കാൻ കഴിയുകയില്ല എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു .

ഇതിനു ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട് . "

10) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരളയിൽ 17.04.2015- ലെ സ.ഉ.(എം.എസ്.)നം.76/15/ ആ.കു.വ. പ്രകാരം സൃഷ്ടിച്ച താഴെ പറയുന്ന പട്ടികകളിൽ പട്ടിക 1 പ്രകാരമുള്ള താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികകളാക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികകളിലേക്ക് പത്തു വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി സേവനമനുഷ്ഠിച്ച വരുന്ന പട്ടിക - 2 പ്രകാരമുള്ള താത്കാലിക ജീവനക്കാരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിലും ശമ്പള സ്കെയിലിലും 03.03.2018 -ലെ സ.ഉ.(പി).നം.31/2018/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കാൻ കഴിയുകയില്ല എന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭായോഗ തീരുമാനത്തിനു സമർപ്പിക്കാവുന്നതാണോ എന്ന ഉത്തരവിനായി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

പട്ടിക – 1

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സയന്റിഫിക് ഓഫീസർ | 1 | 22360 -37940 |
| 2 | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ | 2 | 20740 -36140 |
| 3 | ജൂനിയർ ടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ്റ്റോളജി ) | 2 | 18740 -33680 |
| 4 | സിസ്റ്റം മാനേജർ | 1 | 18740 -33680 |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 1 | 21240 -37040 |
| 6 | ഡോക്കുമെന്റേഷൻ അസിസ്റ്റന്റ് | 1 | 13900 -24040 |

പട്ടിക – 2

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേരും ജോലിയിൽ പ്രവേശിച്ച തീയതിയും | ശമ്പളസ്കെയിൽ |
|---|---|---|---|
| 1 | ഡോ . ആർ . മനോജ് | സയന്റിഫിക് ഓഫീസർ (01.02.2005) | 22360 -37940 |
| 2 | ഡോ.പി.ബി. ഗോപകുമാർ | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ (15.05.2006) | 20740 -36140 |
| 3 | ഡോ.സി.കെ.ഹേമചന്ദ്രൻ | അസിസ്റ്റന്റ് സയന്റിഫിക് ഓഫീസർ (14.12.2006) | 20740 -36140 |
| | ഡോ.ആർ.സത്യജിത്ത് | ജൂനിയർടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ്റ്റോളജി) (08.03.2005) | 18740 -33680 |

| | | | |
|---|---|---|---|
| 5 | ശ്രീമതി രജനി എസ് . | ജൂനിയർടെക്നിക്കൽ ഓഫീസർ (മാനുസ്ക്രിപ്റ്റോളജി) (08.03.2005) | 18740 -33680 |
| 6 | ശ്രീമതി ശാലിനി എൻ. എസ് . | സിസ്റ്റം മാനേജർ (19.01.2006) | 18740 -33680 |
| 7 | ശ്രീമതി പ്രീത എസ് . ജെ . | ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് (19.01.2006) | 13900 – 24040 |

## തീരുമാനിക്കേണ്ട വിഷയം

1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ട്രെഡിഷണൽ നോളെഡ്ജ് ഇന്നൊവേഷൻ കേരളയിൽ 17.4.2015 – ലെ സ.ഉ.(എം.എസ്.)നം.76/15/ ആ.കു.വ. പ്രകാരം സൃഷ്ടിച്ച പട്ടിക –1 പ്രകാരമുള്ള 8 താൽക്കാലിക തസ്തികകൾ സ്ഥിരം തസ്തികകളാക്കാമോ?

2) പ്രസ്തുത തസ്തികകളിലേക്ക് പത്തു വർഷത്തിൽ കൂടുതൽ കാലയളവിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്ന പട്ടിക –2 പ്രകാരമുള്ള താത്കാലിക ജീവനക്കാരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിലും ശമ്പള സ്കെയിലിലും, 03.03.2018-ലെ സ.ഉ.(പി).നം.31/2018/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കാൻ കഴിയുകയില്ല എന്ന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകി സ്ഥിരപ്പെടുത്താമോ?